കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ബഡ്ജറ്റ് പ്രവൃത്തി - 2024-25 - പത്തനംതിട്ട ജില്ല- **പെരുനാട് ഗ്രാമപഞ്ചായത്തിലെ പുതുക്കട-ചിറ്റാർ റോഡ് നിർമ്മാണം** എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്**

സ.ഉ.(സാധാ) നം.2992/2025/LSGD തീയതി,തിരുവനന്തപുരം, 19-12-2025

---

പരാമർശം:- 1. 11.02.2025-ലെ സ.ഉ.(സാധാ.)നം.1282/2025/ധന.

2. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 16.09.2025-ലെ LSGD/PD/27991/2025-EW3-നമ്പർ കത്ത്

ഉത്തരവ്

2024-2025 സാമ്പത്തിക വർഷത്തിൽ ബജറ്റ് എസ്റ്റിമേറ്റ് അനുബന്ധം-II വാല്യം-II ൽ ക്രമ നം.1953 ആയി ഉൾപ്പെടുത്തി 3 കോടി രൂപ അടങ്കൽ തുകയിൽ 20% തുക വകയിരുത്തി തദ്ദേശസ്വയം ഭരണ വകുപ്പിനെ നിർവ്വഹണ വകുപ്പാക്കിയ **'റാന്നി നോളജ് വില്ലേജ് പദ്ധതിയുടെ ഭാഗമായി നോളജ് സെൻ്ററുകൾ'** എന്ന പ്രവൃത്തിക്ക് പകരമായി **'പെരുനാട് ഗ്രാമപഞ്ചായത്തിലെ പുതുക്കട ചിറ്റാർ റോഡ് നിർമ്മാണം'** എന്ന പ്രവൃത്തി ഉൾപ്പെടുത്തി പരാമർശം (1) പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഭേദഗതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ **പത്തനംതിട്ട ജില്ലയിലെ പെരുനാട് ഗ്രാമപഞ്ചായത്തിലെ പുതുക്കട -ചിറ്റാർ റോഡ് നിർമ്മാണം** എന്ന പ്രവൃത്തിയുടെ 3 കോടി രൂപ എസ്റ്റിമേറ്റിന്മേൽ ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-2025 വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II - വാല്യം II -ൽ ക്രമ നമ്പർ. 1953 ആയി 20% തുക വകയിരുത്തി ഉൾപ്പെടുത്തിയ-"**റാന്നി നോളജ് വില്ലേജ് പദ്ധതിയുടെ ഭാഗമായി നോളജ് സെന്ററുകൾ** "എന്നതിന് പകരം പരാമർശം (1) പ്രകാരമുള്ള ഭേദഗതി ഉത്തരവ് പ്രകാരം ഉൾപ്പെടുത്തിയ **"പത്തനംതിട്ട പെരുനാട് ഗ്രാമപഞ്ചായത്തിലെ പുതുക്കട-ചിറ്റാർ റോഡ് നിർമ്മാണം**" എന്ന പ്രവൃത്തിക്ക് ചുവടെ പറയുന്ന C.T.E.-യുടെ Remarks-ന് വിധേയമായി 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയും, പ്രസ്തുത പദ്ധതിക്ക് ആവശ്യമായ ചെലവ് "4515-00-800-92(NP) "എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

## REMARKS

a. Scarification or dismantling of the existing bituminous layer shall be carried out only in severely damaged stretches or where gradient

correction is required. The dismantled material shall be reused below the GSB layer as sub-base or for shoulders, ensuring proper compaction;

b. The provision for shoulder concrete, berm concrete, and Irish drains shall be restricted to 50 cm and proposed only as shoulder protection at gradients and curves, maintaining the minimum width specified in IRC guidelines;
c. In areas where dismantling of existing DR masonry structures is necessitated as per site conditions, its chainage shall be clearly specified in the M-Book and the rubble so obtained shall be reused properly and accounted as departmental rubble;
d. The TS authority shall ensure that, the work is not proposed in areas where defect liability period of any other work is pending and no other work is sanctioned within the reach avoiding duplication of works;
e. The working chainages shall be ensured by the TS authority;
f. Technical Sanction shall be issued by the competent authority after ensuring the admissibility of provisions included in the estimate with the site conditions before issuing the Technical Sanction;
g. The correctness of the rates adopted for Observed data's included in the estimates shall be ensured by the T.S. authority;
h. Proper account of re-usable / serviceable materials obtained from dismantling/excavation items of work shall be ensured;
i. The provisions for Road furniture shall be regulated as per IRC guidelines after assessment of existing items available at site.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡീഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്.(E:3284746/DEV-3/264/2025-Fin dated 26.11.2025) (AS/LGD/25/47659)
ചീഫ് മിഷൻ ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ.
ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ വിംഗ്, ഐ.പി.ആർ.ഡി. തിരുവനന്തപുരം
കരുതൽ ഫയൽ. (DB2/655/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 19-12-2025 14:13:07

സെക്ഷൻ ഓഫീസർ